**02**

# ഹയർ സെക്കന്ററി രണ്ടാം വർഷം

# മലയാളം

**ആകെ സ്കോർ : 80 സ്കോർ**
**സമയം : 2½ മണിക്കൂർ**

---

**പൊതുനിർദേശങ്ങൾ :**

1. ഉത്തരമെഴുതുന്നതിന് മുമ്പായി ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കേണ്ടതാണ്.
2. അതിനായി നിർദ്ദിഷ്ഠ സമയത്തിനു പുറമെ 15 മിനിട്ട് കൂൾ ഓഫ് ടൈം ഉണ്ടായിരിക്കും.
3. എല്ലാ വിഭാഗത്തിലും നിർദ്ദേശിക്കപ്പെട്ട എണ്ണം ചോദ്യങ്ങൾക്ക് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **(8x2 = 16)**

**(ഒന്നു മുതൽ പത്തുവരെ ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന്. സ്കോർ 2 വീതം)**

1. കഥകളിയെ സംബന്ധിച്ച രണ്ടു ശരിയായ പ്രസ്താവനകൾ തെരഞ്ഞെടുക്കുക.
   - ചെണ്ട, ചേങ്ങില, മദ്ദളം, ഇലത്താളം തുടങ്ങിയവയാണ് കഥകളിയിലെ വാദ്യങ്ങൾ.
   - കഥകളിയിൽ ചതുർവിധാഭിനയത്തിനും സ്ഥാനമുണ്ട്
   - കഥകളി കേരളത്തിന്റെ തനത് നാടോടി കലാരൂപമാണ്.
   - സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ് കഥകളിയിൽ കഥാപാത്രങ്ങൾക്കു വേഷം നൽകുന്നത്.

2. യാഥാർത്ഥ്യത്തിന്റെ ലോകത്തിൽ മാത്രമല്ല അവകാശങ്ങളുടെ പ്രശ്നം എന്ന കഥ നിലകൊള്ളുന്നത്. ഈ പ്രസ്താവനയെ സാധൂകരിക്കുന്ന രണ്ടു തെളിവുകൾ കഥയിൽ നിന്ന് എടുത്തെഴുതുക.

   മാതൃക
   - മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന തെരുവ്
   -
   -

3. താഴെക്കൊടുത്തിരിക്കുന്നവയിൽ മാന്ത്രികയാഥാർത്ഥ്യത്തിന്റെ സാധ്യതകളോട് ചേർന്നു നിൽക്കുന്ന വാക്യം തെരഞ്ഞെടുക്കുക.
   - അന്നുച്ചയ്ക്ക്, ഒന്നും ചോദിക്കാതെ തന്നെ അവർ കണ്ടു, തങ്ങളുടെ കിടക്കമുറിയിൽ മുങ്ങൽ സാമഗ്രികളുടെ പെട്ടികൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.
   - വീട്ടുപകരണങ്ങൾ തങ്ങളുടെ കവിതയുടെ നിറവിൽ അടുക്കളയുടെ ആകാശത്ത് സ്വന്തം ചിറകുകൾ വിടർത്തി പറന്നു.
   - കാട്ജിനെ ഇന്ത്യാസിലെ അവരുടെ വീടിന് ഒരു മുറ്റവും ഉൾക്കടലിനോട് ചേർന്ന് ബോട്ടുകളടുപ്പിക്കാനുള്ള സ്ഥലവും ഉണ്ടായിരുന്നു.

4. "കരിമരണം കാവലിരിക്കും
   കടുനോവിൻ കോട്ടയിലോ ഞാൻ"

   തനിക്കു ചുറ്റുമുള്ള എന്തൊക്കെ നഷ്ടപ്പെടുമ്പോഴാണ് കാട്ടാളനിൽ ഈ സന്ദേഹം ഉടലെടുക്കുന്നത്? രണ്ടു സൂചനകളായി എഴുതുക.

5. നളന്റെ എന്തൊക്കെ സവിശേഷതകളാണ് ബാഹുകന്റെ പ്രവൃത്തിയിൽ കേശിനി നിരീക്ഷിക്കുന്നത്? രണ്ടെണ്ണം എടുത്തെഴുതുക.

- 
- 

6. ആശാന്റെ സീതയ്ക്കും എഴുത്തച്ഛന്റെ ശകുന്തളയ്ക്കും ബാധകമായ സവിശേഷതകൾ താഴെപ്പറയുന്നവയിൽ ഏതൊക്കെയാണ്?

– രണ്ടുപേരും പുരുഷാധികാരത്തെ ചോദ്യം ചെയ്യുന്നു.
– രണ്ടുപേരും രാജകുമാരിമാരാണ്.
– രണ്ടുപേരുടെ ജീവിതത്തിലും ആശ്രമ പശ്ചാത്തലമുണ്ട്
– രണ്ടുപേരും യൗവനത്തിൽ തന്നെ ജീവൻ വെടിയുന്നവരാണ്.

7. അഗ്നിവർണന്റെ കാലുകൾ എന്ന നാടകത്തിലെ അടിച്ചുതളിക്കാരിയുടെ കൈയിൽ ചൂലു മാത്രമല്ല കിണ്ടിയും വെള്ളവും കൂടിയുണ്ട്. ഇവയിലൂടെ നാടകകൃത്ത് നൽകുന്ന സന്ദേശമെന്താണ്?

8. പ്രകാശത്തിൽ തുഴഞ്ഞു നടക്കുന്ന ശാസ്ത്രം ഒരിക്കലും സ്വന്തമാക്കാത്ത ആളുകളുള്ള മാഡ്രിഡ് – ഈ വിശേഷണത്തോടു ചേർന്നു നിൽക്കുന്ന പ്രസ്താവന ഏതാണ്?

– മാഡ്രിഡ് നഗരവാസികൾ ശാസ്ത്രം സ്വന്തമാക്കാത്തവരാണ്.
– പ്രകാശത്തിൽ തുഴഞ്ഞു നടക്കുക എന്നതും ഒരു ശാസ്ത്രമാണെന്നറിയാത്ത ആളുകളുള്ള നഗരമാണ് മാഡ്രിഡ്
– പ്രകാശത്തിൽ തുഴഞ്ഞുനടക്കുന്ന നഗരമാണ് മാഡ്രിഡ്

9. സജ്ജനങ്ങളുടെയും ദുർജനങ്ങളുടെയും സ്വഭാവമായി ശകുന്തള എടുത്തു കാട്ടുന്നവ എന്തൊക്കെയാണ്?

10. പ്രകാശം ജലം പോലെയാണ് എന്ന് കുട്ടികളോട് പറയുന്നത് ആരാണ്? ഏതു സന്ദർഭത്തിലാണ് അദ്ദേഹം അങ്ങിനെ പറയുന്നത്?

**നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. (8x4 = 32)**

**(11 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന്. സ്കോർ 4 വീതം)**

11. മാതൃഭാഷ ഭരണഭാഷയാക്കേണ്ടതിന്റെ രണ്ട് യുക്തികൾ കണ്ടെത്തി അവതരിപ്പിക്കുക.

- 
- 

12. ശകുന്തളയെ ക്രൂരമായ വാക്കുകളിലൂടെയാണ് ദുഷ്ഷന്തൻ അധിക്ഷേപിക്കുന്നത്. ഈ നിരീക്ഷണം ശരിയാണോ? ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി വ്യക്തമാക്കുക.

13. കാക്കരശ്ശിനാടകത്തിന്റെ നാലു സവിശേഷതകൾ പട്ടികപ്പെടുത്തുക.

- 
- 
- 
- 

14. "കുട്ടികളുടെ തിരച്ചിൽ തന്റെ മുന്നിലൊടുങ്ങുന്നു എന്ന് ദിവാകരൻ ഭയപ്പാടോടെ അറിഞ്ഞു. നോക്കി നിൽക്കെ കുട്ടികളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവർ കരയാൻ തുടങ്ങി".

ഈ കഥാസന്ദർഭം അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിൽ എത്രമാത്രം പ്രധാനമാണ്? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

15. വേട്ടക്കാരവരുടെ കൈയുകൾ
വെട്ടും ഞാൻ കൽമഴുവോങ്ങി
മലതീണ്ടിയശുദ്ധം ചെയ്തവർ
തലയില്ലാതൊഴുകണമാറ്റിൽ.

കാട്ടാളന്റെ ഉള്ളിലിരിക്കുന്ന അമർഷം ഈ വരികളിൽ എങ്ങിനെയെല്ലാമാണ് വെളിപ്പെടുന്നത്?

16. കാട്ജിനെ ഇന്ത്യാസിലെ ബാല്യകാല അനുഭവങ്ങൾ 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ കുട്ടികൾക്ക് മറക്കാൻ കഴിയുന്നില്ല. കഥയിലെ സന്ദർഭങ്ങൾ ഈ അഭിപ്രായത്തെ ശരിവെക്കുന്നുണ്ടോ? നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക.

17. നളനില്ലൊരപരാധം പോൽ, ഉണ്ടെന്നാകിലും
കുലനാരിക്കരുതു കോപം പോൽ.

ഒരു കാലഘട്ടത്തിന്റെ സ്ത്രീയെക്കുറിച്ചുള്ള സങ്കൽപ്പം ഈ വരികളിൽ പ്രതിഫലിക്കുന്നുണ്ടോ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

18. "എന്റെ ജോലിയാ അത്. ആരും എനിക്കു പറഞ്ഞു തരേണ്ട കാര്യമില്ല"- 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിൽ അടിച്ചുതളിക്കാരി പറയുന്ന ഈ വാക്കുകളിൽ സമൂഹത്തിനുള്ള സന്ദേശമുണ്ട്. എന്താണത്? നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക.

19. "ഏതെങ്കിലും കുറേ പടങ്ങൾ പോരാ, ഇന്നതു തന്നെ വേണമെന്ന് നിർബന്ധം പിടിക്കുന്നത് അത്ര ബുദ്ധിയാണോ? വെറുതെ സമയം പാഴാണ്". 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിലെ ദിവാകരനോട് കച്ചവടക്കാരൻ പറയുന്ന വാക്കുകളിൽ പുതിയ കാലത്തിന്റെ എന്തെല്ലാം സ്വഭാവ വിശേഷങ്ങൾ കണ്ടെത്താം?

20. രണ്ടാമൻ : കാലുകളും രാജാവും വിജയിച്ചുകൊള്ളട്ടെ. പക്ഷേ, അയോധ്യയിലെ പാവപ്പെട്ടവരായ നാം വിശപ്പടക്കാൻ എന്തു ചെയ്യും?

വിദൂഷകൻ : അതിനു വിശപ്പുണ്ടോ നമുക്ക്. അല്ല, വിശപ്പുപോലുള്ള താണതരം കാര്യങ്ങളിൽ നാം വ്യാപൃതരാകാറുണ്ടോ എന്നാണു വിദൂഷകനു സംശയം.

വിദൂഷകന്റെ പരിഹാസം, ആരുടെ ഏതു മനോഭാവത്തിനു നേരെയാണ് വിരൽ ചൂണ്ടുന്നത്? വിശകലനം ചെയ്യുക.

**(കാവ്യഭാഗം വായിച്ച് 21 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (സ്കോർ 2 വീതം).**

**(4x2 = 8)**

പൂഴിമുറ്റത്തതാ പൂക്കൾ തൂകി
പൂമ്പാറ്റകൾക്കു കുടീരമായി
കാഞ്ചനവെയ്‌ലും നുണച്ചിറക്കി
കാണുമലരിതൻ ചില്ലയിന്മേൽ
നിന്നെയും കാത്തു പതിവുപോലെ
വന്നിരിക്കുന്നുണ്ടിളം കിളികൾ
പ്രേഷ്ഠരവരോടു യാത്ര ചൊല്ലൂ
പേച്ചറിയുന്നവർ നിങ്ങൾ തമ്മിൽ
നീ പോയ് പഠിച്ചു വരുമ്പോഴേക്കും.
നിങ്ങളന്യോന്യം മറന്നിരിക്കും.
പോയിനാമിത്തിരി വ്യാകരണം
വായിലാക്കീട്ടുവരുന്നു മന്ദം
നാവിൽ നിന്നപ്പോഴെ പൊയ്ക്കഴിഞ്ഞു
നാനാ ജഗന്മനോരമ്യഭാഷ.

(പള്ളിക്കൂടത്തിലേക്കു വീണ്ടും - ഇടശ്ശേരി)

(കുടീരം - ഇരിപ്പിടം, പ്രേഷ്ഠർ - പ്രിയപ്പെട്ടവർ, നാനാ ജഗന്മനോരമ്യഭാഷ - ഏവരെയും ആകർഷിക്കുന്ന ഭാഷ)

21. ആദ്യമായി വിദ്യാലയത്തിലേക്കു പോകുന്ന മകനെ പിതാവായ കവി യാത്രയാക്കുന്നതാണ് സന്ദർഭം. ആരോടു യാത്രപറയാനാണ് കുട്ടിയോട് അച്ഛൻ നിർദ്ദേശിക്കുന്നത്? എന്തുകൊണ്ട്?

22. വീട്ടുമുറ്റത്തെ അരളിച്ചെടിക്ക് കവി നൽകുന്ന വിശേഷണങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എടുത്തെഴുതുക.

23. കിളികളോടും പൂക്കളോടുമെല്ലാം സംസാരിക്കാനുള്ള ഭാഷ കുട്ടിക്ക് നഷ്ടപ്പെടുന്നത് എപ്പോഴാണെന്നാണ് കവി നിരീക്ഷിക്കുന്നത്?

24. നീ പോയ് പഠിച്ചു വരുമ്പൊഴേക്കും നിങ്ങളന്യോന്യം മറന്നിരിക്കും
വിദ്യാഭ്യാസ രീതിയെക്കുറിച്ച് എന്തു വിമർശനമാണ് ഈ വരികളിൽ കവി ഉന്നയിക്കുന്നത്?

**ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (25 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്ന് എണ്ണത്തിന്. സ്കോർ 8 വീതം). (3x8 = 24)**

25. "എഴുത്തച്ഛൻ തന്റെ ലോകോക്തികളിലൂടെ ഗഹനമായ ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു. അവ എക്കാലത്തും പ്രസക്തവുമാണ്". ഈ പ്രസ്താവന 'കണ്ണാടി കാൺമോളവും' എന്ന പാഠഭാഗത്തിലെ ലോകോക്തികൾക്കും ചേരുന്നതാണോ? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

26. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ കുട്ടികൾ ഭാവനയിലൂടെ വീണ്ടെടുക്കുന്നത് തങ്ങൾക്കു നഷ്ടമായ ഒരു സംസ്കാരത്തെക്കൂടിയാണോ? കഥാസന്ദർഭങ്ങൾ മുൻനിർത്തി നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

27. **ഇരുണ്ട മനുഷ്യരുടെ വിലാപം**

ഒരിക്കൽ ഞാനൊരു ചോപ്പു മനുഷ്യൻ
പക്ഷേ വന്നൂ വെള്ളക്കാർ
ഒരിക്കൽ ഞാനൊരു കറുത്തവൻ
പക്ഷേ വന്നൂ വെള്ളക്കാർ

കാട്ടിൽ നിന്നു തുരത്തീയെന്നെ
കാട്ടിൽ നിന്നു തുരത്തിയവർ
എനിക്കു നഷ്ടപ്പെട്ടൂ വെള്ളി-
ക്കുളിരമ്പിളികൾ മരനിരകൾ

ഇപ്പോളെന്നെ കൂട്ടിലടച്ചു
സംസ്കാരത്തിൻ സർക്കസ്സിൽ
സംസ്കാരത്തിൻ സർക്കസ്സിൻ പല
കൂടുകളൊന്നിലിതാ ഞാനും.

(ലാങ്സ്റ്റൻ ഹ്യൂസ് - അമേരിക്കൻ കവി)

ഈ കവിതയിലെ ആശയം തന്നെയാണോ മറ്റൊരു രീതിയിൽ 'കിരാതവൃത്ത'ത്തിലും തെളിഞ്ഞു കാണുന്നത്? കവിതകൾ താരതമ്യം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

28. അധികാരത്തിന്റെ ഇടനാഴികളിൽ അടിഞ്ഞു കൂടിയ മാറാലയും ചപ്പുചിപ്പികളും അഗ്നിവർണന്റെ കാലത്തു മാത്രമാണോ പ്രസക്തമാവുന്നത്? 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തെ സാമൂഹിക രാഷ്ട്രീയ വിമർശനം എന്ന നിലയിൽ പരിശോധിക്കുക.